നം.കെ.എസ്.എ.പി.റ്റി.എ.പി12/1302/17 തീയതി:07.12.2017

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃതം പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽനിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 18-02-2017 മുതൽ 17.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ പി.പി. സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 25.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ എസ്സ്.രമണൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി പി.സി.സൂര്യപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.പി.ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി നിർമ്മല മാത്യൂസ് -01.04.2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ എം.അബ്ദുൾ ഖാദർ- 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി ഷൈല .എം.കെ -01.06.2016 മുതൽ 09.08.2016 വരെ |

| | |
|---|---|
| | ജോയിന്റ് ബി.ഡി.ഒ (അഡീഷണൽ ചാർജ്) |
| | ശ്രീമതി റെക്സി തോമസ് (10.08.2016 മുതൽ 31.03.2017 വരെ) |

റിപ്പോർട്ടിലെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ബ്ളോക്ക് പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ബ്ളോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 - പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വർക്കിംഗ് ഗ്രൂപ്പ് | 1-8 |

| | | |
|---|---|---|
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 9 | രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 2-1 |
| 10 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ തിരികെ ഈടാക്കാനുള്ളത് 1.47 ലക്ഷം രൂപ | 2-2 |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | പഠനമുറി നിർമ്മാണം- പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-1 |
| 12 | ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ 7.11 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങി | 3-2 |
| 13 | കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല | 3-3 |
| 14 | വിനിയോഗത്തിലെ പിഴവ് - ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായത് 1.10കോടി രൂപ | 3-4 |
| 15 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുള്ളത് 1.64 ലക്ഷംരൂപ | 3-5 |
| 16 | സേവന നികുതി- തെറ്റായി പിൻവലിച്ച തുക തിരികെ ഒടുക്കണം | 3-6 |
| 17 | നിർമ്മൽ പുരസ്കാരം- ചെലവഴിക്കാതെ ശേഷിക്കുന്നത് 19.31 ലക്ഷം രൂപ | 3-7 |
| 18 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-8 |
| 19 | സ്ഥലപരിമിതിയിൽ എഴുമറ്റൂർ സാമൂഹികരോഗ്യകേന്ദ്രം | 3-9 |
| 20 | സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ നിലവാരത്തിൽ | 3-10 |
| 21 | ക്യാന്റീൻ കെട്ടിടം- ന്യായമായ വാടക ഈടാക്കുന്നില്ല | 3-11 |
| 22 | വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-12 |
| 23 | ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി - 44 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല- അക്കൗണ്ടിൽ 71.99 ലക്ഷം രൂപ അവശേഷിക്കുന്നു | 3-13 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല . | 3-14 |

| | | |
|---|---|---|
| 25 | ക്വാർട്ടേഴ്സ് നവീകരണം -സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായും പ്രയോജനപ്പെട്ടില്ല | 3-15 |
| | ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 30 | ഓഡിറ്റ് റിക്കവറി | 4-5 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.02.2016-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരവും, യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | - | 30085845 | 30085845 | - |
| വരവ് | 177558779 | 38465090 | | 139093689 |
| ആകെ | 177558779 | 68550935 | | 109007844 |
| ചെലവ് | 177057210 | 50655402 | | 126401808 |
| നീക്കിയിരിപ്പ് | 501569 | 17895533 | 17393964 | |

യഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് യഥാർത്ഥ വരവ് ചെലവ് കണക്കുകൾ

വ്യക്തമാക്കുന്നു. ബജറ്റ് തയ്യാറാക്കിയതിൽ യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കാതെയാണ് ജനറൽ കമ്മിറ്റിയിൽ ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്.മുൻ വർഷവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കാതെയാണ് ബജറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുള്ളത്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ പരാമർശം ഉൾപ്പെടുത്തിയിരുന്നെങ്കിലും തൻ വർഷവും ഇതേ അവസ്ഥ തുടരുകയാണ് ഉണ്ടായിട്ടുള്ളത്. ബജറ്റ് നിർദ്ദേശങ്ങളിന്മേൽ യാതൊരുവിധ ചർച്ചകളും കമ്മിറ്റി നടത്തിയിട്ടില്ല. നിയമപരമായ ബാദ്ധ്യത നിറവേറ്റുക എന്നതിൽ ഉപരിയായി ബജറ്റ് തയ്യാറാക്കുന്നതിൽ ഒരു വിശാലമായ കാഴ്ചപ്പാട് അധികൃതർക്ക് ഉണ്ടായിട്ടില്ലായെന്ന് കാണാം.

ഓരോ സാമ്പത്തിക വർഷത്തേക്കും തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ മുൻ വർഷത്തേതു പോലെ 2016-17- വർഷവും വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഗൗരവത്തോടെയുള്ള നടപടിയുണ്ടാകേണ്ടതാണ് .

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 12.07.2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മെയിന്റനൻസ് പ്രവൃത്തികളുടെ വർക്ക് ബില്ലിൽനിന്നും സർവ്വീസ് ടാക്സ് ഇനത്തിൽ കുറവ് ചെയ്ത 72768/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വരവായി I(1)ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
2)I(11)(b) ഷെഡ്യൂളിൽ other item ഇനത്തിൽ 2023739/- രൂപ ചെലവ് കാണിച്ചിരിക്കുന്നത് കൃത്യമല്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30085845 |
| വരവ് | 38465090 |
| ആകെ | 68550935 |
| ചെലവ് | 50655402 |
| നീക്കിയിരിപ്പ് | 17895533 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19335456 | 12291669 | 7043787 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 9223251 | 6393904 | 2829347 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 242040 | 50000 | 192040 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3008442 | 2037846 | 970596 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 69 | 30812313 | 59 | 18735573 | 10 | 85.50 | 60.80 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്റ്റുകൾ | | നടപ്പാക്കിയ പ്രോജക്റ്റുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 8 | 4122779 | 8 | 1325125 | 32.14 |
| സേവനം | 39 | 19166882 | 33 | 12630975 | 65.9 |
| പശ്ചാത്തലം | 22 | 7522652 | 18 | 4779473 | 63.53 |
| ആകെ | 69 | 30812313 | 59 | 18735573 | 60.80 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

I.ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന റോഡുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുത്തു ചെയ്യുന്നു. എന്നാൽ ഇപ്രകാരം സൃഷ്ടിക്കുന്ന ആസ്തികളുടെ വിശദാംശം രേഖാമൂലം പഞ്ചായത്തിനെ അറിയിക്കാത്തതിനാൽ ഇവയൊന്നും തന്നെ ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നുമില്ല.ഏതാനം പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.കോമളം ക്ഷേത്രം ആറാട്ടുകടവ് റോഡ് കോൺക്രീറ്റിംഗ് - പുറമറ്റം ഗ്രാമപ്പഞ്ചായത്ത്

2.തോട്ടപ്പുഴശ്ശേരി - വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്ത്

II. ഗ്രാമപ്പഞ്ചായത്തിന്റെ അനുമതി കൂടാതെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ തുടങ്ങിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുത്തു ചെയ്യുന്നു. ഇത്തരത്തിൽ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നത് ഒരേ പദ്ധതികളുടെ ആവർത്തനത്തിനിടയാക്കും. മാത്രവുമല്ല ബ്ലോക്ക് പഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക വിനിയോഗിക്കേണ്ട തുകയാണ് ഇത്തരത്തിൽ ചെലവഴിക്കപ്പെടുന്നത്.

III.പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭവന നിർമ്മാണ പ്രവൃത്തികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. ഇത്തരത്തിൽ 1385075/- രൂപ വക മാറ്റി ചെലവഴിച്ചിട്ടുണ്ട്.

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 4 | 2880075 | 1960325 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2 | 1440037 | 536750 |
| പാലിയേറ്റിവ് കെയർ | 1 | 1440037 | 450000 |
| യുവജന വികസന പദ്ധതി | 2 | 3941000 | 2180000 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2015 | 2014-15 | 11.09.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.12.2012 മുതൽ 26.12.2012 വരെ | 2008-09 മുതൽ 2011-12 വരെ | 12.07.2013 |

## 1-8 വർക്കിംഗ് ഗ്രൂപ്പ്

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമാണ്. പദ്ധതികളുടെ മോണിട്ടറിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഒരു പദ്ധതിയിൽപ്പോലും വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല. ജനങ്ങൾക്ക്പഞ്ചായത്തിന്റെ ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ -സൂക്ഷിപ്പ് കാര്യക്ഷമമല്ല

സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രസീതുകൾ ബ്ളോക്ക് പഞ്ചായത്തിൽ ലഭിച്ച തീയതി, എവിടെ നിന്നും ലഭിച്ചു, എന്നീ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മാനുവൽ രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. ഉപയോഗിച്ചിട്ടില്ലാത്ത ഒരു രസീത് ബുക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി ഭൗതികപരിശോധനയിൽ കാണാൻ കഴിഞ്ഞു. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതു കാരണം രസീത് ബുക്കുകളുടെ ഉപയോഗം സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ തിരികെ ഈടാക്കാനുള്ളത് 1.47 ലക്ഷം രൂപ

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഇതനുസരിച്ച് 2015-16, 2016-17 വർഷങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ 146850/- രൂപ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | 2015-16 | | | |
|---|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് |
| 1 | കല്ലോത്ത്പടി വാലൻപടി റോഡ് കോൺക്രീറ്റിംഗ്, എസ് 0026/16 | 550000 | 6 | 6600 |
| 2 | ഒരിപ്രം തലക്കേരി റോഡ് റീടാറിംഗ് എസ് 0041/16 | 700000 | 7 | 9800 |
| 3 | കാഞ്ഞീറ്റുകര സി.എച്ച്.സി സൗകര്യം മെച്ചപ്പെടുത്തൽ, എസ് 0049/16 | 900000 | 3 | 5400 |
| 4 | തേവരക്കുന്ന് വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ്, റാംപ് നിർമ്മാണം, എസ് 0012/16 | 550000 | 3 | 3300 |
| 5 | പ്ലാച്ചേരി-പന്നിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്, എസ് 0014/16 | 500000 | 5 | 5000 |
| 6 | ശ്രീചിത്തിരമന്ദിരം റോഡ് റീടാറിംഗ് എസ് 0042/16 | 550000 | 6 | 6600 |

| | | | | |
|---|---|---|---|---|
| 7 | മുക്കഴി-ചിരട്ടോലിത്തടം റോഡ് കോൺക്രീറ്റിംഗ്, എസ് 0013/16 | 500000 | 7 | 7000 |
| 8 | വൃദ്ധസദനത്തിന് അധിക സൗകര്യം മെച്ചപ്പെടുത്തൽ, എസ് 0047/16 | 742603 | 2 | 3000 |
| 9 | ഓവനാലിമുക്ക് താനതോട്ടത്തിൽപ്പടി റോഡ് പുനരുദ്ധാരണം, എസ് 0043/16 | 550000 | 2 | 2200 |
| 10 | കനാൽ കോഴിമല കോളനി റോഡ് കോൺക്രീറ്റിംഗ് | 700000 | 5 | 7000 |
| 11 | ചൂരനോലിപ്പടി എരുത്തിയ്ക്കൽ പടി മാർത്തോമ പാഴ്സനേജ് പടി റോഡ് പുനരുദ്ധാരണം, എസ് 0024/16 | 550000 | 7 | 7700 |
| 12 | വാഴോലിൽപ്പടി വടികുളം ട്രാൻസ്ഫോമർപ്പടി റോഡ് പുനരുദ്ധാരണം, എസ് 0028/16 | 615000 | 3 | 3750 |
| 13 | മഠത്തിൽക്കടവ് ഗ്യാലക്സി നഗർ റോഡ് റീടാറിംഗ്, എസ് 022/16 | 550000 | 4 | 4400 |
| 14 | കുണ്ടൂർപടി കുണ്ടത്രപ്പടി റോഡ് കോൺക്രീറ്റിംഗ്, പാർശ്വഭിത്തി നിർമ്മാണം, എസ് 0015/16 | 500000 | 2 | 2000 |
| 15 | ഓന്തുമാങ്കൽപ്പടി മലങ്കോട്ടപ്പടി റോഡ് കോൺക്രീറ്റിംഗ്, | 500000 | 5 | 5000 |

| | | | | |
|---|---|---|---|---|
| | എസ് 0025/16 | | | |
| 16 | ചെല്ലേത്ത്പാറ കോളനി എം.റ്റി.എൽ.പി സ്കൂൾ റോഡ് പുനരുദ്ധാരണം, എസ് 0027/16 | 550000 | 3 | 3300 |
| 17 | പെരുംപാറ മയിലാട്ടുപാറ റോഡ് നിർമ്മാണം, എസ് 0044/16 | 550000 | 3 | 3300 |
| 18 | തോട്ടപ്പുഴ കുണ്ടൂർപ്പടി റോഡ് കോൺക്രീറ്റിംഗ് കൾവർട്ട് നിർമ്മാണം, എസ് 0016/16 | 635000 | 5 | 6500 |
| 19 | ബ്ലോക്ക് പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം, എസ് 0048/16 | 50000 | 2 | 2000 |
| 20 | കുന്നം കോളനി കമ്മ്യൂണിറ്റി ഹാൾ ഒന്നാം നില നിർമ്മാണം, എസ് 0045/16 | 50000 | 1 | 1000 |
| 2016-17 | | | | |
| 21 | ബന്നിപ്പടി കുളത്തിങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്, എസ് 0029/17 | 50000 | 4 | 4000 |
| 22 | ചീനിക്കണം വാഞ്ചികപ്പാറ റോഡ് റീടാറിംഗ്, എസ് 0028/17 | 500000 | 3 | 3000 |
| 23 | ചൂരക്കാട് ചിറപ്പാട് ഏതുമാത്രുപ്പടി റോഡ് കോൺക്രീറ്റിംഗ്, എസ് 0027/17 | 500000 | 6 | 6000 |
| 24 | അറഞ്ഞിക്കൽ ചെങ്ങാറമല റോഡ് റീടാറിംഗ്, എസ് | 500000 | 2 | 2000 |

| | | | | |
|---|---|---|---|---|
| | 0029/17 | | | |
| 25 | ശാലോംപള്ളി റോഡ് റീടാറിംഗ് എസ് 0042/17 | 500000 | 2 | 2000 |
| 26 | കുറവൻകുഴി മേമനപ്പടി റോഡ് റീടാറിംഗ്, എസ് 0043/17 | 500000 | 3 | 3000 |
| 27 | കോമളം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്, എസ് 0046/17 | 500000 | 8 | 8000 |
| 28 | അരുവക്കുഴി കുണ്ടൻകുഴി റോഡ് എസ് 0045/17 | 500000 | 1 | 1000 |
| 29 | സി.എച്ച്.സി ക്വാർട്ടേഴ്സ് മെയിന്റനൻസ്, എസ് 0048/17 | 525000 | 2 | 2000 |
| 30 | കാഞ്ഞീറ്റുകര സി.എച്ച്.സി മെയിന്റനൻസ്, എസ് 0049/17 | 500000 | 2 | 2000 |
| 31 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ബിൽഡിംഗ് മെയിന്റനൻസ്, എസ് 0050/17 | 308000 | 1 | 1000 |
| 32 | തോട്ടപ്പുഴശ്ശേരി വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ്, എസ് 0047/17 | 482000 | 2 | 2000 |
| 33 | ബിൽഡിംഗ് മെയിന്റനൻസ് ഓഫ് ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻ | 500000 | 1 | 1000 |
| 34 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ബിൽഡിംഗ് മെയിന്റനൻസ്, എസ് 0050/17(റീ ടെണ്ടർ) | 308000 | 1 | 1000 |

| | | | | |
|---|---|---|---|---|
| 35 | കുലിപ്പാറ മലയിൻകീഴ് റോഡ് - പാർശ്വഭിത്തി നിർമ്മാണം, എസ് 0047/17 | 500000 | 2 | 2000 |
| 36 | ഇടത്രുമൺ കോട്ടൂർപ്പടി കണ്ണൂർപ്പടി റോഡ്, എസ് 0095/17 | 500000 | 2 | 2000 |
| 37 | ചൂരനോലി പാഴ്സനേജ് പടി റോഡ് കോൺക്രീറ്റിംഗ് | 500000 | 3 | 3000 |
| 38 | തോട്ടപ്പുഴ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം, എസ് 0081/17 | 500000 | 2 | 2000 |
| 39 | പൊതുസ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണം, എസ് 0061/17 | 1019490 | 2 | 5000 |
| | ആകെ | | | 146850 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/24-10-17) മറുപടിയായി ടി തുക വാങ്ങി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു. തുക ലഭ്യമായ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഠനമുറി നിർമ്മാണം- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ടാണ് പഠനമുറി നിർമ്മാണം(പ്രൊ.നം. എസ്012/17). പട്ടികജാതി വിഭാഗത്തിൽപ്പെട്ട 37 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 100000/- രൂപ രണ്ടു ഗഡുക്കളായി ധനസഹായം അനുവദിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയത്. അടങ്കൽ തുകയായി പട്ടികജാതി വികസന ഫണ്ടിൽ നിന്നും 3700000/- രൂപ വകയിരുത്തിയിരുന്നു. 33 പേർക്കാണ് പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയത്. പദ്ധതിക്കുവേണ്ടി 2016-17 വർഷം 2050000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 9 ഗുണഭോക്താക്കൾക്ക് മൊത്തം തുകയും മറ്റ് 24 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 50000/- രൂപയും 2016-17 വർഷം അനുവദിച്ചു. .ഒരു ഗുണഭോക്താവ് ആദ്യ ഗഡുവായി 50000/- രൂപ കൈപ്പറ്റിയെങ്കിലും പണി ആരംഭിക്കാത്തതിനാൽ തുക തിരികെ അടച്ചു. ബാക്കിയുള്ള 23 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു തുക 2017-18 വർഷം അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിലും രണ്ട് പഠന മുറികളുടെ നിർമ്മാണം നേരിട്ടു കണ്ട് പരിശോധിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കേണ്ടത് അസിസ്റ്റന്റ് എൻജിനീയർ മെഷർമെന്റ് എടുത്തതിനു ശേഷം മാത്രമാണ്. എന്നാൽ ഒരു നിർമ്മാണത്തിന്റെയും അളവ് എടുക്കാതെയാണ് തുക

അനുവദിച്ചിട്ടുള്ളത്. പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ ഫോട്ടോയും ഫയലിൽ ഇല്ല.
2)പദ്ധതിപ്രവർത്തനം പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യേണ്ടതാണ്. എന്നാൽ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ ഇത് സംബന്ധിച്ച യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.
3)ബിന്ദു സന്തോഷ്, സുമ സോമൻ എന്നീ രണ്ട് ഗുണഭോക്താക്കളുടെ പഠനമുറികളുടെ ഭൗതിക പരിശോധന നടത്തിയിരുന്നു. ഇതിൽ ബിന്ദു സന്തോഷ് എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സുമ സോമൻ എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർണ്ണമാക്കിയിട്ടില്ല. മുറിയുടെ കതക് സ്ഥാപിച്ചിട്ടില്ല. മുറിയ്ക്ക് കുറഞ്ഞത് 120 ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ടാവണമെന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ മുറിയുടെ വലിപ്പം 100 ചതുരശ്ര അടിയിൽ താഴെ മാത്രമേ ഉള്ളൂ.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ (ആർ.റ്റി) 626/2016 തസ്വഭവ. 15.02.2016 ) ബന്ധപ്പെട്ട എൻജിനീയർ അളവെടുത്തതിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കാം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ മെഷർമെന്റ് എടുക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. മെഷർമെന്റ് എടുക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. പദ്ധതിയ്ക്ക് വേണ്ടി 2016-17 വർഷം മുഴുവൻ തുകയും കൈപ്പറ്റിയ 9 ഗുണഭോക്താക്കൾക്കു വേണ്ടി ചെലവഴിച്ച 900000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ അപാകതകൾ തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ 7.11 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങി

2016-17വാർഷിക പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രോജക്റ്റുകൾ പ്രകാരം ടെണ്ടർ കൂടാതെ ഹെമറ്റോളജി അനലൈസർ , സെർവർ കമ്പ്യൂട്ടർ, പ്ലാസ്റ്റിക് ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016 /തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങണം. ഈ നിബന്ധന പാലിക്കാതെ ടെണ്ടർ കൂടാതെ വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം | ചെലവഴിച്ച തുക, ബിൽ നം/ തീയതി | അപാകത |
|---|---|---|---|---|
| 1) | കാഞ്ഞീറ്റുകര, എഴുമറ്റൂർ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലെ ലാബിലേയ്ക്ക് ഹെമറ്റോളജി അനലൈസർ വാങ്ങൽ<br>പ്രൊജക്ട് നമ്പർ 26/2017<br>നിർവ്വഹണ ഉദ്യോഗസ്ഥൻ– മെഡിക്കൽ ഓഫീസർ,<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കാഞ്ഞീറ്റുകര | ഹെമറ്റോളജി അനലൈസർ -<br>2 എണ്ണം ഒന്നിന് 225645/- രൂപ ക്രമത്തിൽ | 451290/-<br>3/17/25.01.17 | സർക്കാരുമായി<br>റേറ്റ്/റണ്ണിംഗ് കോൺട്രാക്ടില്ലാത്ത റാപ്പിഡ് ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന വിതരണക്കാരിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങി. |
| 2 | ബ്ലോക്ക് ഓഫീസിലേക്ക് സെർവർ കമ്പ്യൂട്ടർ വാങ്ങൽ,<br>പ്രൊജക്ട് നമ്പർ–75/17 | എച്ച്.പി മോഡൽ സെർവർ കമ്പ്യൂട്ടർ | 143500/-<br>(31/17 തീ.28/03/17) | കെൽട്രോണിൽ നിന്നും എച്ച്.പി മോഡൽ സെർവർ കമ്പ്യൂട്ടർ ടെണ്ടർ കൂടാതെ വാങ്ങി |

| | | | | |
|---|---|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ- ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | | | |
| 3 | വിദ്യാവികസന കേന്ദ്രത്തിന് കസേര വാങ്ങൽ , പ്രൊജക്ട് നമ്പർ-39/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | 30 പ്ലാസ്റ്റിക് കസേരകൾ ഒന്നിന് 653/-രൂപ ക്രമത്തിൽ വാങ്ങി | 20000/-<br>(12/17തീ.25 /1/17) | ടെണ്ടർ കൂടാതെ പ്ലാസ്റ്റിക് കസേരകൾ സിഡ്കോയിൽ നിന്നും വാങ്ങി |
| 4 | കാഞ്ഞീറ്റുകര സി.എച്ച്.സി അറ്റകുറ്റപ്പണി, പ്രൊജക്ട് നമ്പർ- 49/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ഫാർമസിയ്ക്ക് എയർ കണ്ടീഷണർ വാങ്ങൽ | 50820/-<br>12/2017 30.03.2017 | സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ടില്ലാത്തമാക്സ് വെൽ ഏജൻസീസ് എന്ന വിതരണക്കാരിൽ നിന്നും ടെണ്ടർ കൂടാതെ എയർ കണ്ടീഷണർ വാങ്ങി. |
| 5 | ക്ഷീര വികസന ഓഫീസിലേക്ക് കസേര വാങ്ങൽ<br>പ്രൊജക്ട് നമ്പർ 60/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്ളാസ്റ്റിക് കസേര(കൈയ്യുള്ളത്), പ്ലാസ്റ്റിക് കസേര(കൈയ്യില്ലാത്തത്) എന്നിവ സിഡ്കോയിൽ നിന്നും വാങ്ങി | 30000<br>1/17 തീ.20/3/17 | ടെണ്ടർ കൂടാതെ പ്ളാസ്റ്റിക് കസേരകൾ സിഡ്കോയിൽ നിന്നും വാങ്ങി |
| 6 | ക്ഷീര വികസന ഓഫീസിലേക്ക് സ്കാനർ വാങ്ങൽ<br>പ്രൊജക്ട് നമ്പർ- 61/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ലേസർജെറ്റ് സ്കാനർ കം പ്രിന്റർ , സിംഗിൾ ഫെയ്സ് യു.പി.എസ്സ് എന്നിവ സിഡ്കോയിൽ നിന്നും വാങ്ങി. | 16025<br>(2/17-20 /03/17) | സ്ഡ്കോ ഉത്പാദിപ്പിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങി. |
| | | ആകെ | 711635 | |

ഹോസ്പിറ്റലിന്റെ ആവശ്യകത മുൻനിർത്തി കൃത്യമായ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് ഉപകരണങ്ങൾ വാങ്ങുന്നതിന് പകരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അധികൃതർ നിശ്ചയിച്ച സ്പെസ്സിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങുന്നത് സ്ഥാപനത്തിന്റെ താത്പര്യങ്ങൾക്ക് ഗുണകരമല്ല. ഉദാഹരണമായി രക്തത്തിലെ വിവിധ ഘടകങ്ങൾ പരിശോധിക്കുന്നതിനായി വാങ്ങിയ ഹെമറ്റോളജി അനലൈസർ ഉപയോഗിച്ച് മണിക്കൂറിൽ 50 പരിശോധനകൾ നടത്താൻ കഴിയും. എന്നാൽ എഴുമറ്റൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒരു ദിവസം ലാബ് സൗകര്യം ഉപയോഗിക്കുന്നത് 15 രോഗികളിൽ താഴെയാണ്.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടർ നടപടികൾ ഒഴിവാക്കി ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/2017 തീയതി 23.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 711635/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.സ്റ്റോർ പർച്ചേസ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വാങ്ങലുകൾ നടത്തിയത്

തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മേൽത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. 2016-17 വർഷത്തേക്ക് നികുതി കോമ്പൗണ്ട് ചെയ്തതിന്റെ 1E സർട്ടിഫിക്കറ്റ് മാത്രമാണ് കരാറുകാർ ഹാജരാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 4% നിരക്കിൽ വാറ്റ് ഈടാക്കി ഒടുക്കുകയാണ് ചെയ്യുന്നത്.കരാറുകാരോട് ഫോറം 1EE പ്രകാരമുള്ള 2016-17 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കി ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-4 വിനിയോഗത്തിലെ പിഴവ് - ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായത് 1.10കോടി രൂപ

ജി.ഒ(പി) 119/15/ഫിൻ തീയതി 21/03/15 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ അംഗീകരിച്ച തുക മൂന്നു തവണകളായി അലോട്ട്മെന്റ് നൽകുകയും അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ തുകകൾ സഞ്ചിത നിധിയിൽനിന്നും നേരിട്ട് വൗച്ചർ മുഖേന ചെലവഴിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സഞ്ചിത നിധിയിൽ ചെലവഴിക്കാതെ ശേഷിച്ച തുക വർഷാവസാനം നഷ്ടമാകുന്നു. മേൽ ഉത്തരവിൽ വർഷാവസാനം ശേഷിക്കുന്ന തുക സപ്ലിമെന്ററി ബജറ്റിൽ അംഗീകരിച്ച് അടുത്ത ജൂലൈ മാസത്തിൽ നൽകുമെന്ന് നിർദ്ദേശിച്ചുവെങ്കിലും നാളിതുവരെ നൽകിയിട്ടില്ല. 2016-17 വർഷം ചെലവഴിക്കാതെ ശേഷിച്ച 11035770 രൂപ ബ്ലോക്ക് പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. ചെലവഴിക്കാതെ ശേഷിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ശേഷിച്ച തുക |
|---|---|
| വികസന ഫണ്ട്- പൊതു വിഭാഗം | 7043787 |
| വികസന ഫണ്ട്- എസ്.സി.പി | 2829347 |
| വികസന ഫണ്ട്- റ്റി.എസ്.പി | 192040 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 970596 |
| | 11035770 |

2016-17 വർഷത്തെ ബജറ്റിൽ അംഗീകരിച്ച് ലഭിച്ച തുക സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാത്തത് മൂലം 1.10 കോടി രൂപ നഷ്ടമായത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുള്ളത് 1.64 ലക്ഷംരൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിയ മുണ്ടക്കമല ഇളവ്കണ്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിയ്ക്കായി 5ലക്ഷം രൂപ മുൻകൂറായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരുന്നു. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ 164430/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നതായി വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മുണ്ടക്കമല ഇളവ്കണ്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 83/17 | 20/17തീ.31/1/17 | 500000/- | 335570/- | 164430/- |

വാട്ടർ അതോറിറ്റിയിൽ ചെലവഴിക്കാതെ ശേഷിച്ച 164430/- രൂപ (വികസനഫണ്ട്) അടിയന്തിരമായി തിരികെ ഈടാക്കേണ്ടതും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ തുക മറ്റ് കുടിവെള്ള പദ്ധതികൾക്ക് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്. തുക അടിയന്തിരമായി തിരികെ ഈടാക്കാത്ത പക്ഷം പലിശയിനത്തിൽ നഷ്ടമാകുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 3-6 സേവന നികുതി- തെറ്റായി പിൻവലിച്ച തുക തിരികെ ഒടുക്കണം

2016-17 വർഷം എഴുമറ്റൂർ സി.എച്ച്.സി ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി, കാഞ്ഞീറ്റുകര സി.എച്ച്.സി കെട്ടിട അറ്റകുറ്റപ്പണി എന്നീ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും സേവന നികുതി ഇനത്തിൽ ഈടാക്കിയ 72768/- രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഇത് തനത് വരവായി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും സേവന നികുതി ഈടാക്കേണ്ടതില്ലാത്തതിനാൽ(കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 01.03.2016 ലെ 9/2016-service tax നമ്പർ നോട്ടിഫിക്കേഷൻ) ഈ തുക മെയിന്റനൻസ് ഗ്രാന്റിന്റെ ബന്ധപ്പെട്ട ROP ഹെഡ്ഡിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-7 നിർമ്മൽ പുരസ്കാരം- ചെലവഴിക്കാതെ ശേഷിക്കുന്നത് 19.31 ലക്ഷം രൂപ

ബ്ലോക്ക്പഞ്ചായത്തിന് 01.02.2010-ൽ കേന്ദ്ര സർക്കാരിൽ നിന്നും നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുകയായി 20 ലക്ഷം രൂപ ലഭിച്ചിരുന്നു. അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ 18.12.2009-ലെ ഇ.ഡി./320/07/സി.ആർ.ഡി നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തങ്ങൾക്ക് ലഭിക്കുന്ന തുക അതത് പ്രദേശത്തെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചെലവിടേണ്ടതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനവും ലഭിക്കുന്ന അവാർഡ് തുകയുടെ വിനിയോഗത്തിന് ഒരു കർമ്മപദ്ധതി തയ്യാറാക്കി ടി.എസ്.സി.ജില്ലാ കോർഡിനേറ്റർക്ക് നൽകണം. അവർഡ്ഡു തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സെക്രട്ടറിയുടെ കൈയ്യൊപ്പോടുകൂടി ശുചിത്വ മിഷന് നൽകണം. അവാർഡ് തുകയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടവും വിശദമായി ഡോക്യുമെന്റ് ചെയ്യണം. പഞ്ചായത്തിന് ലഭിച്ച 20ലക്ഷം പഞ്ചാബ് നാഷണൽ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. ഈ അക്കൗണ്ടിൽ നിന്നും 2012-13 ൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 685000/-രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം നാളിതുവരെയുള്ള പലിശയുൾപ്പെടെ 31.3.17-ലെ നീക്കിയിരിപ്പ് 1931969 രൂപയാണ്.

പൊതു സ്ഥലങ്ങളിൽ ശുചിത്വാലയം നിർമ്മിക്കുന്നതിനായി 2016-17 വർഷം വികസന ഫണ്ടിൽ നിന്നും 1019490/-രൂപ വകയിരുത്തുകയും 2017-18 വർഷം സ്പിൽ ഓവറായി നിർമ്മാണപ്രവൃത്തികൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മൽ പുരസ്കാർ അവാർഡ് തുകയിൽ 19 ലക്ഷത്തോളം രൂപ നിഷ്ക്രിയമായി ശേഷിക്കുമ്പോഴാണ് വികസന ഫണ്ട് വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ചത്. ആയത് തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അവാർഡ് തുകയുടെ വിനിയോഗത്തിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കിനടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-8 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും ആസ്തികൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിലും, സംരക്ഷിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതും ആർജ്ജിച്ചതുമായ എല്ലാ സ്ഥാവര-ജംഗമ ആസ്തികളുടെയും കണക്കെടുക്കണമെന്നും നിലവിലുള്ള ആസ്തികളുടെ സംരക്ഷണം പരിപാലനം, ഉപയോഗ ക്ഷമത എന്നിവ ഉറപ്പുവരുത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയോ ആസ്തികളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിലെ അടിസ്ഥാന രേഖയായ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2011-12 വരെ ആർജ്ജിച്ച ആസ്തികൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് നാളിതുവരെ ആർജ്ജിച്ച കുന്നംകോളനി സാംസ്കാരിക നിലയം, തോട്ടപ്പുഴശ്ശേരി മഹിളാ സമാജം കെട്ടിടം, ജില്ലാ പഞ്ചായത്തിൽ നിന്ന് കൈമാറിക്കിട്ടിയ എഴുമറ്റൂർ വൃദ്ധസദനം മുതലായ കെട്ടിടങ്ങൾ ഒന്നുംതന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയുടെ സർവ്വേ നമ്പർ, അളവ് എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സ്ഥലപരിമിതിയിൽ എഴുമറ്റൂർ സാമൂഹികരോഗ്യകേന്ദ്രം

എഴുമറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടങ്ങൾ ചോർന്നൊലിച്ച് ഉപയോഗക്ഷമമല്ലാത്തതിനാൽ വൃദ്ധസദനം ആരംഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും കൈമാറിക്കിട്ടിയ കെട്ടിടത്തിലാണ് നിലവിൽ സി.എച്ച്.സി പ്രവർത്തിക്കുന്നത്. വളരെ പരിമിതമായ സൗകര്യങ്ങളിലാണ് സാമൂഹാകാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. ലാബ്, ഫാർമസി എന്നിവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യമില്ല. ഇതിന് സമീപത്തായി ഐ.സി.ഡി.പി സബ്സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ രണ്ട് മുറികൾ ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുകയാണ്. ഇവയ്ക്ക് ആവശ്യമായ മെയിന്റനൻസ് നടത്തിയാൽ ലാബ്, ഫാർമസി എന്നിവ ഈ കെട്ടിടത്തിലേയ്ക്ക് മാറ്റാനാകും. എഴുമറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലുണ്ടായിരുന്ന ഉപകരണങ്ങളൊന്നും തന്നെ പുതിയ കെട്ടിടത്തിലേയ്ക്ക് സ്ഥലസൗകര്യമില്ലാത്തതിനാൽ മാറ്റിയിട്ടില്ല. പഴയ കെട്ടിടത്തിൽ സൂക്ഷിച്ചിരുന്ന ഇൻവെർട്ടർ മോഷണം പോയതായും ഇത് സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടുണ്ടെന്നും ആശുപത്രി അധികൃതർ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എഴുമറ്റൂർ മിനിവ്യവസായ കേന്ദ്രം ഈ കോംപൗണ്ടിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. വർഷങ്ങളായി ഈ കെട്ടിടം ഉപയോഗിക്കുന്നില്ല. തകർന്ന് കിടന്ന ഈ കെട്ടിടം മെയിന്റനൻസ് നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലുണ്ടായിരുന്ന കട്ടിലുൾപ്പടെയുള്ള ഉപകരണങ്ങൾ ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി ബ്ലോക്ക് പഞ്ചയത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും കെട്ടിടം നാളിതുവരെ കൈമാറിയിട്ടില്ല. സി.എച്ച്.സി വക ആംബുലൻസും ഉപയോഗിക്കാതെ പഴയ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സാമൂഹ്യാരോഗ്യകേന്ദ്രത്തിന്റെ ആസ്തികൾ സംരക്ഷണമില്ലാതെ നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. സാമൂഹ്യാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിന് ഫണ്ട് കണ്ടെത്താനും നാളിതുവരെ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടേയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ നിലവാരത്തിൽ

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ എഴുമറ്റൂർ, കാഞ്ഞീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. രാവിലെ 9മണി മുതൽ ഉച്ചയ്ക്ക് 2മണിവരെ മാത്രമാണ് പ്രവർത്തന സമയം. കിടത്തി ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും, ജീവനക്കാരും ലഭ്യമാണെങ്കിലും കിടത്തി ചികിത്സ ലഭ്യമാക്കുന്നതിന് കാഞ്ഞീറ്റുകര സി.എച്ച്.സി അധികൃതർ തയ്യാറാകുന്നില്ല.

സി.എച്ച്.സികളിൽ കിടത്തി ചികിത്സ ലഭ്യമാക്കണമെന്നാണ് സർക്കാർ നയം. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സി.എച്ച്.സികളിൽ ഒരോന്നിലും അഞ്ച് ഡോക്ടർമാരും, ഹെഡ് നഴ്സ്, അഞ്ച് സ്റ്റാഫ് നഴ്സമാർ, ഫീൽഡ് സ്റ്റാഫ്, കണ്ടിജന്റ് ജീവനക്കാർ എന്നിവർ ഉൾപ്പെടെ ആകെ 47 തസ്തികകൾ വീതമാണുള്ളത്. ഗ്രാമപ്രദേശങ്ങളിലെ നിർദ്ധനരായ രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ലഭ്യമാക്കുന്നതിന് 24 മണിക്കൂറും സേവനം ലഭ്യമാക്കേണ്ട സി.എച്ച്.സി.കൾ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിൽ പ്രവർത്തിക്കുന്നത് ദൗർഭാഗ്യകരമാണ്. മാത്രവുമല്ല സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പൊതു ഖജനാവിൽനിന്നും മുടക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം പൊതുസമൂഹത്തിന് ലഭിക്കാതിരിക്കുന്ന അവസ്ഥയും അംഗീകരിക്കാനാവുന്നതല്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. ഈ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 ക്യാന്റീൻ കെട്ടിടം- ന്യായമായ വാടക ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽ വർഷങ്ങളായി ഒരു ക്യാന്റീൻ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ക്യാന്റീൻ നടത്തുന്ന വ്യക്തിയുടെ ഭാര്യ അംഗമായ വനിത സ്വയം സഹായ ഗ്രൂപ്പിന്റെ ചുമതലയിലാണ് ബ്ലോക്ക് വക കെട്ടിടത്തിൽ സൗജന്യമായി പ്രവർത്തിച്ചു വന്നത്. ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും, വെള്ളവും ബ്ലോക്ക് പഞ്ചായത്ത് സൗജന്യമായാണ് നൽകുന്നത്. എസ്.ജി.എസ്.വൈ പ്രോജക്ടിന്റെ ഭാഗമായി സംരംഭം ആരംഭിക്കുന്നതിന് നൽകിയ സബ്സിഡി ഉപയോഗിച്ചാണ് പാചകത്തിനാവശ്യമായ പാത്രങ്ങൾ വാങ്ങിയിരിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്തിലെ സൗകര്യങ്ങൾ തികച്ചും സൗജന്യമായി ഇപ്രകാരം ഒരു വ്യക്തി ഉപയോഗിക്കുന്നത് അംഗീകരിക്കാവുന്നതല്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ അപാകത ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പ്രതിമാസം 100/- രൂപ ഈടാക്കുന്നതിനാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്(ഈതുക നാളിതുവരെ ഈടാക്കി തുടങ്ങിയിട്ടില്ല. ഇത് ന്യായമായ വാടകയല്ല. ക്യാൻറീൻ കെട്ടിടത്തിന് പ്രത്യേകം കറന്റ് കണക്ഷൻ എടുക്കുന്നതിനും വൈദ്യുതി ചാർജ് വാടകക്കാരൻ ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ക്യാന്റീനിന്റെ പ്രവർത്തനം വ്യവസ്ഥാപിതമാക്കുന്നതിനും, കെട്ടിടം ഉപയോഗിക്കുന്നതിന് ന്യായമായ വാടക ഈടാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ ബയോവേസ്റ്റ് മാനേജ്മെന്റ് എന്ന പ്രോജക്ടിനായി(25/17) വികസന ഫണ്ടിൽ നിന്നും 60000 രൂപ വകയിരുത്തുകയും 59384/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞിറ്റുകര,എഴുമറ്റൂർ സി.എച്ച്.സികളുടെ ബയോവേസ്റ്റ് നിർമ്മാർജ്ജനത്തിനായി 'ഇമേജ് ' എന്ന സ്ഥാപനത്തിനാണ് തുക നൽകിയിരിക്കുന്നത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾക്ക് തനത് ഫണ്ട്(ജനറൽ പർപ്പസ് ഫണ്ട്) ആണ് ചെലവഴിക്കേണ്ടത്. അതിനു പകരം വികസനഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല. തുക അടിയന്തിരമായി തിരികെ ക്രമീകരിക്കേണ്ടതാണ്.

## 3-13 ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി - 44 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല- അക്കൗണ്ടിൽ 71.99 ലക്ഷം രൂപ അവശേഷിക്കുന്നു

ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട 44 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവരിൽ 21 പേർ വീടിന്റെ അടിത്തറ മാത്രം പൂർത്തീകരിച്ചിട്ടുള്ളവരും 20 പേർ ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചിട്ടുള്ളതും 3 പേർ മേൽക്കൂര വരെ പൂർത്തിയാക്കിയിട്ടുള്ളവരുമാണ്. നിലവിൽ ഐ.എ.വൈ പദ്ധതി നിർത്തലാക്കിയിട്ടുള്ളതും കേന്ദ്ര വിഹിതത്തിൽ അവശേഷിച്ചിരുന്ന 64220/- രൂപ തിരികെ നൽകിയിട്ടുള്ളതുമാണ്. ഐ.എ.വൈ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ നിലവിൽ 7199718/-രൂപ ബാക്കി നിൽക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 44 ഗുണഭോക്താക്കളേയും നിലവിൽ ലൈഫ് മിഷന്റെ സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ(ഹൗസിംഗ്)

അറിയിച്ചിട്ടുണ്ട്. ലൈഫ്-സമ്പൂർണ്ണ ഭവന പദ്ധതിയ്ക്കായി ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കൾക്ക് നിശ്ചിത തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും നൽകേണ്ടതാണ്. ഐ.എ.വൈ പ്ലാൻ ഫണ്ട്അക്കൗണ്ടിൽ നിലവിൽ 7199718/-രൂപ ബാക്കി നിൽക്കേ ഈ തുക വിനിയോഗിച്ച് സംസ്ഥാന ബജറ്റിൽ നിന്നുള്ള പദ്ധതി വിഹിതം വിനിയോഗിക്കാതെ തന്നെ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാവുന്നതാണ്. ബജറ്റിൽ നിന്നുള്ള പദ്ധതി വിഹിതം മറ്റു വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തികൾ- തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല

ബ്ളോക്ക് പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഏഴ് പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/17തീ.21/10/17) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ്/ഫൈനൽ ബിൽ/എം.ബുക്ക് എന്നിവ ഹാജരാക്കിയില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് നിർവ്വഹണ ഏജൻസി ലഭ്യമാക്കാതെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അനുമാനിക്കുന്നത് ശരിയായ നടപടിയല്ല. മാത്രവുമല്ല പദ്ധതികൾ പൂർത്തിയാക്കാൻ ബ്ളോക്ക് പഞ്ചായത്ത് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ടിന്റെ പേര് | തുക ഡെപ്പോസിറ്റ് ചെയ്ത വർഷം/വ്രഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ഏജൻസി |
|---|---|---|---|---|
| 1 | ആന്താലിമൺ മിനി വാട്ടർ സപ്ളൈ സ്കീം (പ്രൊജക്ട് നം. 62/2010-11) | 2010-11 | 2439340 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 2 | ആന്താലിമൺ മിനി വാട്ടർ സപ്ളൈ സ്കീം (പ്രൊജക്ട് നം. 134/2011-12) | 2011-12 | 338833 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 3 | മയിലാടുംപാറ കുടിവെള്ള പദ്ധതി(പ്രൊജക്ട് നമ്പർ 139/11-12) | 2011-12 | 45000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 4 | മലയിൽപ്പടി നീവേലിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 1000000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 5 | ഹോസ്പിറ്റൽപ്പടി സീതക്കുളം വഴി ഹോസ്പിറ്റൽ | 2012-13 | 650000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |

| | | | | |
|---|---|---|---|---|
| | ക്വാർട്ടേഴ്സ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | |
| 6 | മല്ലപ്പള്ളിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 135000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 7 | കോഴിമല ചെറുകിട കുടിവെള്ള പദ്ധതി | 2012-13 | 550000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| | ആകെ | | **5158173** | |

പദ്ധതിയ്ക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. നിർവ്വഹണ ഏജൻസികളുമായി കരാർ വച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ക്വാർട്ടേഴ്സ് നവീകരണം: സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായും പ്രയോജനപ്പെട്ടില്ല

കാഞ്ഞീറ്റുകര സാമൂഹ്യാരോഗ്യകേന്ദ്രം ക്വാർട്ടേഴ്സ് നവീകരണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ ജീവനക്കാർക്ക് താമസിക്കുവാൻ കഴിയുന്നില്ല. അഞ്ച് ക്വാർട്ടേഴ്സ് കെട്ടിടങ്ങളിൽ 3 എണ്ണത്തിൽ മാത്രമാണ് താമസമുള്ളത്. ഡോക്ടറുടേതുൾപ്പെടെ 2 കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്. 2012-13 വർഷം നിർമ്മൽ പുരസ്കാര തുകയിൽ നിന്നും 650000/- രൂപ (ചെക്ക് നം.976236/20.3.12) 'ഹോസ്പിറ്റൽപ്പടി സീതക്കുളം വഴി ഹോസ്പിറ്റൽ ക്വാർട്ടേഴ്സ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ' എന്ന പ്രവൃത്തിക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടുമില്ല.

എഴുമറ്റൂർ സി.എച്ച്.സിയുടെ ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റിനായി തൻവർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 468953/- രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ 13/17 തീയതി 31.03.2017) കെട്ടിടങ്ങളിൽ ടൈൽസ് പാകുക, സ്റ്റെയർകേസ് നിർമ്മാണം, വാട്ടർടാങ്ക് സ്ഥാപിക്കുക, ടാങ്കിൽ നിന്നും കെട്ടിടത്തിലേയ്ക്ക് പൈപ്പ് കണക്ഷൻ എന്നിവയാണ് ചെയ്തിരിക്കുന്നത്. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ വാട്ടർ ടാങ്ക് സ്ഥാപിച്ചത് പ്രയോജനപ്പെട്ടിട്ടില്ല. കെട്ടിടത്തിന്റെ തറയിൽ പാകിയിരിക്കുന്നത് നിലവിൽ പ്രചാരത്തിലില്ലാത്ത തരം 30x30 സെ.മി വലിപ്പത്തിലുള്ള ടൈലുകളാണ്. ഡി.എസ്.ആർ പ്രകാരം ടൈലുകൾ പാകുന്ന പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കാണ് നൽകിയതെങ്കിലും ടൈലുകൾ ആ ഗുണ നിലവാരം പുലർത്തുന്നില്ല. മാത്രമല്ല ഒരുമുറിയിൽ തന്നെ രണ്ടുതരത്തിലുള്ള ടൈലുകൾ അശാസ്ത്രീയമായി പാകിയിരിക്കുന്നതും കണ്ടു. മോണിട്ടറിംഗിന്റെ അഭാവം പ്രവൃത്തിയിൽ പ്രകടമാണ്. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പൂർത്തീകരിച്ച് സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദമായ സാങ്കേതിക അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മൈലാട്ടുംപാറ പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി<br>പ്രൊജക്ട് നമ്പർ - 62/2017 | 500000<br>(ജനറൽ)<br>500000<br>(എസ്സ്.സി.പി) | - | 500000<br>(ജനറൽ)<br>500000<br>(എസ്സ്.സി.പി) |
| | പെരുമ്പാറ കണ്ണമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- 64/2017 | 500000 | - | 500000 |
| | ഞുഴൂർ ഐ.എച്ച്.ഡി.പി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-63/17 | 500000 | - | 500000 |
| | തുണ്ടിയത്ത് കാലാ കല്ലുങ്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-66/17 | 500000 | - | 500000 |
| | മുണ്ടയ്ക്കാമല ഇലവുകണ്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -83/17 | 500000 | - | 500000 |
| | ശംഖുവളയംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- 84/17 | 500000 | - | 500000 |
| | പ്ലാങ്കമണ്ണിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-91/17 | 458000 | - | 458000 |
| | ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-92/17 | 552000&<br>441237 | - | 552000&<br>441237 |
| | പുല്ലാട് ,കോയിപ്രം,തോട്ടപ്പുഴശ്ശേരി പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-93/17 | 591000 | - | 591000 |
| കെ.എസ്സ്.ഇ.ബി<br>പത്തനംതിട്ട | പ്ലാങ്കമണ്ണിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-68/17 | 499905 | - | 499905 |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവ് ഇല്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ളോക്ക്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ളതുമായ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡികനം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | മിന്നാരം കുന്ന് കുളം-അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 34,35 | 2001-02 | V-3-8-2 | അരിപ്പൊടി, മുളക്പൊടി യൂണിറ്റുകൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 68550935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50655402 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1611635 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 900000 | ശ്രീമതി അമ്പിളി കെ.യൂ, പട്ടികജാതി വികസന ഓഫീസർ |
| 3-2(1) | 451290 | ഡോ.ജ്യോതീന്ദ്രൻ.എസ്സ്<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി ,കാഞ്ഞീറ്റുകര |
| 3-2(2) | 143500 | ശ്രീമതി റെക്സി തോമസ്<br>സെക്രട്ടറി, കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് |
| 3-2(3) | 20000 | ശ്രീമതി റെക്സി തോമസ്<br>സെക്രട്ടറി, കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് |
| 3-2(4) | 50820 | ശ്രീമതി ബിന്ദു വേലായുധൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-2(5) | 30000 | ശ്രീമതി അജിതാദേവി.പി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2(6) | 16025 | ശ്രീമതി അജിതാദേവി.പി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 1611635 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| അമ്പിളി .കെ.യു<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് | പനവടിക്കൽ ഹൗസ്<br>വായ്പൂർ<br>മല്ലപ്പള്ളി |
| ഡോ.ജ്യോതീന്ദ്രൻ.എസ്സ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ(ചാർജ്)<br>സി.എച്ച്.സി<br>കാഞ്ഞീറ്റുകര | ജ്യോതി ഭവനം<br>മഞ്ഞാടി.പി.ഒ<br>തിരുവല്ല |
| ശ്രീമതി ബിന്ദു വേലായുധൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ<br>കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് | പ്രസാദം<br>കവിയൂർ.പി.ഒ<br>ഞാലി ഭാഗം<br>തിരുവല്ല |
| ശ്രീമതി അജിതാദേവി.പി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് | കോനാത്ത് വീട്<br>മുടിയൂർക്കോണം<br>പന്തളം |
| ശ്രീമതി റെക്സി തോമസ്സ്<br>സെക്രട്ടറി | സെക്രട്ടറി<br>കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് | കൊല്ലം പറമ്പിൽ<br>പെരിങ്ങര.പി.ഒ<br>തിരുവല്ല |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീയതി 31-01-01 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീയതി 05-05-01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീയതി 05-03-04 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീയതി 04-11-04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീയതി 05-03-07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീയതി 07-06-08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീയതി 07-06-08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീയതി 03-04-08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീയതി 15-05-09 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീയതി 13-05-11 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീയതി 13-12-11 |
| 2009-10 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീയതി 03-09-13 |
| 2011-12 to 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീയതി 12-09-14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീയതി 06-06-15 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13/335/2017 തീയതി: 06.05.2017 |

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി12/1302/17 തീയതി: 07/02/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA/P12/1302/17 Dated: 07/02/ 2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Koipram Block Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Koipram Block Panchayat for the year 2016-17 except the observations in my report properly presents the picture of income and expenditure.

P.P Suresh Kumar

Senior Deputy Director

Kerala State Audit Department

Pathanamthitta